**പതിമൂന്നാം കേരള നിയമസഭ**
**ഒമ്പതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4681 — 28/06/2013-ൽ മറുപടിയ്ക്ക്

## മലപ്പുറം ജില്ലയിൽ നിറവ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | **ശ്രീ. കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) മലപ്പുറം ജില്ലയിൽ ഏതെല്ലാം മണ്ഡലങ്ങളാണ് നിറവ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുളളത്; വിശദമാക്കുമോ; | എ) നിലവിൽ നിറവ് സമഗ്ര കാർഷിക വികസന പദ്ധതി സംസ്ഥാനത്തെ 10 ജില്ലകളിലെ 12 നിയോജക മണ്ഡലങ്ങളിലാണ് നടപ്പാക്കി വരുന്നത്. ഇതിൽ മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ നിയോജക മണ്ഡലം ഉൾപ്പെടുന്നുണ്ട്. |
| ബി) നടപ്പുവർഷം ഏതെല്ലാം മണ്ഡലങ്ങളെയാണ് പുതുതായി പ്രസ്തുത പദ്ധതിയിൽ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | ബി) നടപ്പ് സാമ്പത്തിക വർഷം പുതുതായി 30 മണ്ഡലങ്ങളെയാണ് പദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിച്ചിട്ടുളളത്. ഏതൊക്കെ മണ്ഡലങ്ങളാണെന്നത് സംബന്ധിച്ച് തീരുമാനമായിട്ടില്ല. |
| സി) ഏറനാട് നിയോജക മണ്ഡലത്തെ നിറവ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ;<br>ഡി) ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ ? | സി) & ഡി) നിലവിൽ നിറവ് പദ്ധതി നടപ്പിലാക്കി വരുന്ന 12 നിയോജക മണ്ഡലങ്ങളിൽ ഏറനാട് മണ്ഡലം ഉൾപ്പെടുന്നില്ല. |

Snehams
**സെക്ഷൻ ഓഫീസർ**